**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5041** **11-08-2021 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യധാന്യ വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന് കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ തോത് എത്രയാണ്; അർഹതപ്പെട്ട അളവ് ധാന്യം ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തിന് ഭക്ഷ്യഭദ്രതാ നിയമപ്രകാരം പ്രതിവർഷം 14.25 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യങ്ങളാണ് ലഭ്യമായിക്കൊണ്ടിരിക്കുന്നത്. ഓരോ വിഭാഗത്തിനും ലഭ്യമായ അളവ് അനുബന്ധമായി ചേർത്തിരിക്കുന്നു. മുൻഗണനാ വിഭാഗങ്ങൾക്ക് വേണ്ടി വരുന്ന 10.25 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യങ്ങൾ കഴിച്ച് ബാക്കി വരുന്ന 4 ലക്ഷം മെ.ടൺ വിഹിതത്തിൽ നിന്നുമാണ് മുൻഗണനേതര വിഭാഗങ്ങൾക്ക് വിതരണം നടത്തേണ്ടത്. എ.എ.വൈ./ മുൻഗണനാ വിഭാഗങ്ങളുടെ എണ്ണത്തിനും ടി വിഭാഗങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള വിതരണത്തോതിനും ആനുപാതികമായി ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നുണ്ട്. എന്നാൽ നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ടൈഡ് ഓവർ വിഹിതം, മുൻ കാലങ്ങളിൽ അധിക വിഹിതമുൾപ്പടെ എ.പി.എൽ. വിഭാഗത്തിനു ലഭ്യമായിക്കൊണ്ടിരുന്ന ഭക്ഷ്യ ധാന്യങ്ങളുടെ അളവിനേക്കാൾ പ്രതിമാസം 27,958 മെ.ടൺ കുറവാണ്. മുൻഗണനേതര വിഭാഗത്തിന് റേഷൻ വിഹിതം തൃപ്തികരമാം വിധം നൽകുന്നതിന് അപര്യാപ്തമായതിനാൽ ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിക്കണമെന്ന് നിരവധി തവണ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടെങ്കിലും അനുകൂലമായ സമീപനം ഇതുവരെ ഉണ്ടായിട്ടില്ല.<br>എൻ.എഫ്.എസ്.എ പ്രാബല്യത്തിൽ വരുന്നതിന് 3 വർഷം പിറകോട്ടുള്ള കാലയളവിലെ സംസ്ഥാനത്തെ റേഷൻ ഭക്ഷ്യധാന്യങ്ങളുടെ ഉപഭോഗത്തിന്റെ വാർഷിക ശരാശരിയ്ക്ക് അനുസൃതമായാണ് ടൈഡ് ഓവർ വിഹിതം കണക്കാക്കിയിട്ടുള്ളതെന്നും ഇതിൽ ബി.പി.എൽ അധിക വിഹിതത്തിന്റെ ഉപഭോഗം പരിഗണിച്ചിട്ടില്ലെന്നും 2000-ലെ ജനസംഖ്യ ആസ്പദമാക്കിയാണ് പ്രാരംഭ ദശയിൽ ബി.പി.എൽ. വിഭാഗത്തിനുള്ള വിഹിതം നിശ്ചയിച്ചിരുന്നതെന്നും |

| | | | |
|---|---|---|---|
| | | | ബി.പി.എൽ. വിഭാഗത്തിലേക്ക് പിന്നീട് കൂട്ടിച്ചേർക്കപ്പെട്ട കുടുംബങ്ങൾക്കുകൂടി ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുന്നതി നാണ് ബി.പി.എൽ അധിക വിഹിതം നൽകിയിരുന്നതെന്നും ആയതിനാലാണ് ടൈഡ് ഓവർ വിഹിതം കണക്കാക്കിയപ്പോൾ ബി.പി.എൽ. അധിക വിഹിതം പരിഗണിക്കാതിരുന്നതെന്നും എല്ലാ സംസ്ഥാനങ്ങൾക്കും ഇതേ രീതി തന്നെ അവലംബിച്ചിരിക്കുന്നതിനാൽ ഇതിൽ മാറ്റം വരുത്താനാകില്ലെന്നുമാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. |
| (ബി) | സംസ്ഥാനത്തിന് ലഭിക്കേണ്ട മണ്ണെണ്ണയുടെയും പഞ്ചസാരയുടെയും തോതിൽ കുറവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ 9264 KL സബ്സിഡി മണ്ണെണ്ണയാണ് കേന്ദ്രത്തിൽ നിന്നും ഓരോ പാദത്തിലും ലഭിച്ചുകൊണ്ടിരുന്നത്. ഇത് എല്ലാ വിഭാഗം കാർഡുകൾക്കും 1/2ലിറ്റർ, (നോൺ ഇല്ക്ട്രിഫൈഡ് കാർഡുകൾക്ക് 4 ലിറ്റർ) എന്ന തോതിൽ എല്ലാ മാസവും നൽകിയിരുന്നു. നടപ്പ് സാമ്പത്തിക വർഷത്തിലെ ഒന്നാം പാദം മുതൽ ടി വിഹിതം വീണ്ടും 6480 KL ആയി കുറച്ചിരുന്നു. പ്രസ്തുത സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്തെ വിതരണ രീതി തന്നെ മാറ്റുകയുണ്ടായി. മൂന്ന് മാസത്തിൽ ഒരിക്കൽ ആണ് ഇപ്പോൾ മണ്ണെണ്ണ വിതരണം നടത്തുന്നത്. വിതരണ തോത് AAY, PHH കാർഡുകൾക്ക് ഒരു ലിറ്ററും NPS, NPNS കാർഡുകൾക്ക് അര ലിറ്ററുമാണ് (നോൺ ഇല്ക്ട്രിഫൈഡ് കാർഡുകൾക്ക് 8 ലിറ്റർ). 2016-17 സാമ്പത്തിക വർഷം വരെ കേന്ദ്രത്തിൽ നിന്നും പ്രതിമാസം 4103 MT പഞ്ചസാരയ്ക്കാണ് സബ്സിഡി ലഭ്യമായത്. ഇത് ഉപയോഗിച്ച് അന്ന് നിലവിലുണ്ടായിരുന്ന എ.എ.വൈ/ബി.പി.എൽ. കാർഡുകൾക്ക് പഞ്ചസാര വിതരണം നടത്തിയിരുന്നു. എന്നാൽ NFSA 2013 നടപ്പിൽ വന്നതോടുകൂടി ബി.പി.എൽ വിഭാഗം ഇല്ലാതായതിന്റെ അടിസ്ഥാനത്തിൽ പഞ്ചസാരയ്ക്കുള്ള സബ്സിഡി എ.എ.വൈ വിഭാഗത്തിന് മാത്രമായി കേന്ദ്രസർക്കാർ പരിമിതപ്പെടുത്തിയിരുന്നു. ആയത് അനുസരിച്ച് എ.എ.വൈ വിഭാഗത്തിന് പ്രതിമാസം കാർഡൊന്നിന് 1 കിലോ നിരക്കിൽ വിതരണം നടത്തുന്നതിന് 595.8 MT പഞ്ചസാരയ്ക്കാണ് നിലവിൽ സബ്സിഡി ലഭ്യമാകുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

അളവ് :മെട്രിക് ടണ്ണിൽ

| വിഭാഗം | പ്രതിമാസ അളവ് | | | പ്രതി വർഷ അളവ് | | |
|---|---|---|---|---|---|---|
| | അരി | ഗോതമ്പ് | ആകെ | അരി | ഗോതമ്പ് | ആകെ |
| AAY | 17757.490 | 3095.475 | **20852.965** | 213089.880 | 37145.700 | **250235.580** |
| PRIORITY | 52073.178 | 12533.742 | **64606.920** | 624878.136 | 150404.904 | **775283.040** |
| **Total** | **69830.668** | **15629.217** | **85459.885** | **837968.016** | **187550.604** | **1025518.620** |
| Tide Over | 26835.124 | 6459.074 | **33294.198** | 322021.488 | 77508.888 | **399530.376** |
| Grand Total | **96665.792** | **22088.291** | **118754.083** | **1159989.504** | **265059.492** | **1425048.996** |

**സെക്ഷൻ ഓഫീസർ**